കൊണ്ട് അവരുടെ ജാതിയുടെ ജനസംഖ്യാനുപാതികമായ ഉദ്യോഗം കിട്ടിവരുന്നില്ലെന്നുള്ള അഭിപ്രായവും എനിക്കുണ്ട്. അതുകൊണ്ട് അധഃകൃതസമുദായത്തെ പ്രത്യേകം തിരിച്ച് പുലയക്ക് കൊടുക്കുന്നതുപോലെയുള്ള ഒരു നിശ്ചിത ശതമാനം അവക്കുംകൊടുക്കണം. പുലയക്ക് ൪ ശതമാനം നിശ്ചയിച്ചിട്ടുണ്ടെങ്കിലും അവരുടെയിടയിൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ വളരെ കുറവായതുകൊണ്ട് ആ ഉദ്യോഗം മുഴവനും അവക്ക് കൊടുക്കുവാൻ സാധിക്കാതെവരുന്നുണ്ട്. അങ്ങിനെ വരുന്നുവെങ്കിലും നിശ്ചയിച്ചിട്ടുള്ള ശതമാനം മുഴവനും അതാതു സമുദായങ്ങൾക്ക് ലഭിക്കത്തക്കതരത്തിലുള്ള ഒരു വ്യവസ്ഥ സ്റ്റാഫ് സിലക്ഷൻ ബോർഡു നിയമത്തിൽ ഒരു ഭേദഗതി മൂലം വരുത്തുന്നപക്ഷം അതു് അവശസമുദായങ്ങൾക്കും അധഃകൃതസമുദായങ്ങൾക്കും വലിയ ഉപകാരമായിരിക്കും. ബഹുമാനപ്പെട്ട കുന്നംകുളം മെമ്പറും വടക്കാഞ്ചേരി മെമ്പറും പറഞ്ഞതുപോലെ അധഃകൃതരുടെ കാര്യങ്ങൾ പറയുവാൻ അവരുടെ ഒരു പ്രതിനിധി ഈ നിയമസഭയിലുണ്ടെങ്കിലും വേട്ടുവരുടേയും കണക്കരുടേയും അവശതകൾ പരിഹരിക്കുവാനായി പ്രവൃത്തിക്കുന്നതിനു് ഒരു മെമ്പർ ഇവിടെയില്ല. അധഃകൃതപ്രതിനിധി അവരുടെ കാര്യംകൂടി നോക്കി പ്രവൃത്തിക്കുന്നതായിട്ട കാണുന്നില്ല. ഞാൻ പ്രതിനിധീകരിക്കുന്ന താലൂക്കിലുള്ള അധഃകൃതരെ സംബന്ധിച്ചിടത്തോളം അവക്ക് യാതൊരു ഉദ്യോഗവും കിട്ടുന്നില്ലെന്നുള്ള പരാതി ഇപ്പോഴും കേട്ടുകൊണ്ടിരിക്കുന്നുണ്ട്. ഏതാണ്ട് ൫൰ സമുദായങ്ങൾക്കു കൂടിയാണ് ൧൫ ശതമാനം ഉദ്യോഗങ്ങൾ വെച്ചിരിക്കുന്നതു്. എന്നാൽ ഇതിൽ സ്റ്റാഫ് സിലക്ഷൻ ബോർഡിനെ കുറ്റം പറയുവാൻ തരമില്ല. ഈ ൧൫ ശതമാനം വെച്ചിട്ടുണ്ടെങ്കിൽതന്നെയും കൈക്കും കാലിനും ശക്തിയില്ലാത്ത ഈ സമുദായങ്ങൾക്കു അവർ അർഹിക്കുന്ന ഉദ്യോഗം കിട്ടാതെവരുന്നുണ്ടെന്നുള്ള പരാതിയുണ്ടാകുന്നുണ്ട്. പുലയസമുദായത്തിൽ വിദ്യാഭ്യാസം സിദ്ധിച്ചവർ ഇല്ലാത്തതുകൊണ്ട് അവരുടെ സമുദായത്തിനുള്ള വീതം ഇങ്ങിനെയുള്ള സമുദായങ്ങൾക്കു ലഭിക്കത്തക്ക ഒരു വ്യവസ്ഥ സ്റ്റാഫ് സിലക്ഷൻ ബോർഡിൽ ഉണ്ടാക്കിയാൽ ഉപകാരമായിരിക്കും. ഇതു് എന്റെ അഭിപ്രായം പറയുന്നുവെന്നല്ലാതെ ഞാൻ ഈ പ്രമേയത്തെ അനുകൂലിച്ചു പറയുന്നതല്ല.

*മിസ്റ്റർ പി. കെ. കൃഷ്ണൻ : സർ, ഞാൻ ഈ പ്രമേയത്തെ സവ്യസനം എതിർക്കുന്നു. എന്നെ ആരും തെറ്റിദ്ധരിച്ചുപോകരുതെന്നു ഞാനപേക്ഷിക്കുന്നു. ഈ അജണ്ടയിലെ ൫ ൪-ാമത്തെ റസലൂഷൻ നോക്കിയാൽ ആ കാര്യം വ്യക്തമാകുന്നതാണ്. ൯൰ ശതമാനം അധഃകൃതരാണ് കഴിഞ്ഞ സെൻസസ്സു് റിപ്പോർട്ടുപ്രകാരം കൊച്ചിയിലുള്ളതായി കണക്കാക്കീട്ടുള്ളതു്. അവക്കെല്ലാവക്കുംകൂടി ൨൫ ശതമാനം ഉദ്യോഗം കൊടുക്കണമെന്നു ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ പറയുന്നതു് എത്ര കാരണംകൊണ്ടാണെന്നു് അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നു ശരിക്കു വ്യക്തമായിട്ടില്ല. ഇപ്പോൾ പുലയക്കു് ൫ ശതമാനം ഉദ്യോഗം ബഹുമാനപ്പെട്ട ഗവമ്മെണ്ടു് അനുവദിച്ചിട്ടുണ്ടു്. ൨൫ ശതമാനം ഉദ്യോഗം കൊച്ചിയിലെ അധഃകൃതക്കു കൊടുക്കണമെന്നാണു് ഈ പ്രമേയകർത്താവു് ആവശ്യപ്പെടുന്നതു്. അങ്ങിനെ ചെയ്താൽ പുലയക്കു് അനുവദിച്ചിട്ടുള്ള ൫ ശതമാനം ഉദ്യോഗത്തിൽ കാര്യമായ ഒരു നഷ്ടം വരുമെന്നുള്ളതു് എനിക്കു സഹിക്കുവാൻ പാടില്ലാത്ത ഒരു സംഗതിയാണു്.

Announcement of election to the Standing Finance Committee

Deputy President: Mr. Krishnan, you can continue your speech tomorrow. Now, I have to make an announcement.

The election of the three non-official members to the Standing Finance Committee will take place at 5 p.m. on Thursday, 25th March 1943. The nomination papers for the election will be received by the Secretary to the Council till 5 p.m. on Wednesday.

The House rose for the day at 4-55 p.m.

N. S. RADHAKRISHNA SARMA
Secretary to the Council

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly